PROCEEDINGS OF THE
KERALA LEGISLATIVE ASSEMBLY

First Session—1964.

Tuesday, the 17th March 1964.

VOL. XVIII **OFFICIAL REPORT** **NO. 27**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 17th March 1964, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

പുറമ്പോക്ക ഭൂമിയിൽ താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾ

* 726. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറമ്പോക്കുഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ എത്രയുണ്ട് ;

(ബി) പത്തും പതിനഞ്ചും വർഷമായി താമസിച്ചുവരുന്ന ഇത്തരം താമസക്കാർക്ക് ഭൂസ്വത ഭൂമി പതിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വക്കല ശിവഗിരിക്കുന്നിൽ പുറമ്പോക്കുഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്ന ഹരിജനങ്ങൾക്ക് ആ ഭൂമി പതിച്ചു കൊടുക്കാൻ ഗവണ്മെന്റ് അടിയന്തരനടപടി സ്വീകരിക്കുമോ ;

(ഡി) കൈവശമുള്ള ഭൂമി പതിച്ചുകിട്ടണമെന്നുകാണിച്ച് ചിറയിൻകീഴ് താലൂക്കിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചു ; ആരിൽനിന്നെല്ലാം ;

(ഇ) അതേപ്പറ്റി ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) 10,833 കുടുംബങ്ങൾ.

(ബി) പതിച്ചുകൊടുക്കാവുന്ന ഭൂമി, ഇത്തരം താമസക്കാർക്ക് പതിച്ചു കൊടുക്കുന്നതിനു നടപടിയെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഭൂമി കനാൽ പുറമ്പോക്കായതിനാൽ പതിച്ചു കൊടുക്കാൻ നിവൃത്തിയില്ല.

(ഡി) 3124 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 1147 അപേക്ഷകൾ ഹരിജനങ്ങളിൽനിന്നാണ്.

(ഈ) 313 പേർക്ക് പതിച്ചുകൊടുത്തു. ബാക്കി അപേക്ഷകൾ പരിഗണനയിലിരിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ : കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ ഒഴിപ്പിക്കുമെന്നാണ് മനസ്സിലാക്കേണ്ടതു്. അങ്ങനെയാണെങ്കിൽ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ : നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പത്തിരുപതു കൊല്ലങ്ങളായി ഹരിജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങൾ ഗവണ്മെൻറാവശ്യത്തിനു് ചിലപ്പോൾ അക്വയർ ചെയ്യുന്നുണ്ട്. അവർക്കു് അതു പതിച്ചുകൊടുത്തിട്ടില്ലാത്തതുകൊണ്ടു് വില കിട്ടുന്നില്ല. അതുകൊണ്ടു് ഇത്തരക്കാർക്കു് ഭൂമിക്കു് വില കൊടുക്കാൻ എർപ്പാടു ചെയ്യുമോ ?

ശ്രീ. ടി. എ. തൊമ്മൻ : ലാൻഡ് റിഫോംസ് ആക്റ്റ് നടപ്പിൽ വരുന്നതോടുകൂടി ഇക്കാര്യത്തിൽ അവസാനതീരുമാനം ഉണ്ടാകുന്നതാണ്. അതിൽ ഇതിനെ സംബന്ധിച്ച് വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. ആർ. സുഗതൻ : വക്കലെ ആശുപത്രിക്കടുത്തുള്ള തോട്ടിന്റെ പടിഞ്ഞാറെക്കരയിൽ അഞ്ചാറു വീടുകളുണ്ട്. അവരും വേറേ സ്ഥലമില്ലാതെ അവിടെ താമസിക്കുന്ന ഹരിജനങ്ങളാണ്. അവർക്കു വേറെ ഭൂമി കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ : അവർ അപേക്ഷിച്ചിട്ടുണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടാ. അപേക്ഷിച്ചിട്ടുണ്ട്, കനാലിനാവശ്യമില്ലെങ്കിൽ പരിഗണിക്കുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഹരിജനങ്ങളുടെ കഥ പറഞ്ഞു. ഇതര സമുദായങ്ങളും പുറമ്പോക്കിൽ താമസിക്കുന്നതിനെപ്പറ്റി ഗവണ്മെൻറിന്റെ പക്കൽ കണക്കുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ : കണക്കുണ്ട്. പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. പി. രവീന്ദ്രൻ : ഹരിജനങ്ങൾക്കു് താൽക്കാലിക പട്ടയം കൊടുത്തു കഴിഞ്ഞശേഷം ആ വസ്തുവിൽ പ്രവേശിക്കുന്നതിനോ, അനുഭവം എടുക്കുന്നതിനോ മറ്റാളുകൾ അവരെ സമ്മതിക്കാത്ത കേസ്സുകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അക്കാര്യത്തിൽ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ?

ശ്രീ. ടി എ. തൊമ്മൻ : കുറുക്കം ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയെപ്പറ്റി നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ : പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്നവർക്കു ഗവണ്മെൻറ് ഭൂമി സാങ്കേതികമായി പതിച്ചുകൊടുത്തിട്ടില്ലെന്നുള്ള കാരണത്താൽ, ആ ഭൂമി ഗവണ്മെൻറ് എടുക്കുമ്പോൾ അവർ അവിടെനിന്നും ഇറങ്ങിപ്പോകേണ്ടിവരുന്നുണ്ട്. ഈ കാര്യത്തിനു് ലാൻറ് റിഫോംസ് നിയമത്തിൽ എന്താണ് പരിഹാരം ഉള്ളതു് ?

ശ്രീ. ടി. എ. തൊമ്മൻ : നേരത്തെ അഗ്രേറിയൻ റിലേഷൻസ് ആക്ടിൽ ഉണ്ടായിരുന്ന വ്യവസ്ഥ കുറച്ചു ഭേദപ്പെടുത്തി ഇപ്പോഴത്തെ ആക്റ്റിൽ കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോഴത്തെ ആക്റ്റു നോക്കിയാൽ ആ വിവരം മനസ്സിലാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഭൂമി പതിച്ചു കൊടുക്കുന്നതിനു വഴിയില്ലാതിരുന്നപ്പോഴാണു കുത്തകപ്പാട്ടത്തിനു സ്ഥലം ഹരിജനങ്ങൾക്കു മറ്റു സമുദായങ്ങൾക്കും നൽകിയിട്ടുള്ളതു്, ഭൂമി അസൈൻ ചെയ്യുന്നതിനുള്ള റൂൾസു് കൊണ്ടുവരുമ്പോഴാണു്, അവരിൽനിന്നും ഒഴിപ്പിക്കാതിരിക്കുന്നതിനും മേലിൽ കുത്തകപ്പാട്ടം ലേലം ചെയ്യാതിരിക്കുന്നതിനുമുള്ള നടപടികളാണു് എടുക്കുന്നതു് ?

ശ്രീ. ടി. എ. തോമ്മൻ : അക്കാര്യം പരിഗണിക്കാവുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പൊന്നുംവിലയ്ക്കു് ഭൂമികൊടുക്കുമ്പോൾ, കുടിയിരുപ്പു ഭൂമിയാണെങ്കിൽ, കുടിയിരുപ്പിന്റെ 90 ശതമാനം വില ലഭിക്കുന്നതിനുള്ള വ്യവസ്ഥ കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതാണു്. ഞാൻ ചോദിച്ചതു്, ഗവണ്മെന്റു് ഭൂമികളിൽ വളരെ വർഷങ്ങളായി താമസിക്കുന്ന ഹരിജനങ്ങൾക്കു് ആ ഭൂമി എടുക്കുമ്പോൾ വില കൊടുക്കാൻ നടപടിയെടുക്കുമോയെന്നാണു്. ട്രൈബ്യൂണൽ നിയമം നടപ്പിൽ വന്നാലും അതിനൊക്കെയില്ല. വളരെ വർഷങ്ങളായി താമസിക്കുന്നതുകൊണ്ടു് പട്ടയം അവർക്കില്ലെയെന്നുള്ള നിലയിൽ വില കൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ടി. എ. തോമ്മൻ : പുറമ്പോക്കുഭൂമി അവർക്കു് പതിച്ചു കൊടുക്കണമെന്നതാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു്. ഉടൻതന്നെ നടപടികൾ സ്വീകരിക്കുന്നതാണു്.

ആശുപത്രികളിലെ താഴ്ന്നതരം ജീവനക്കാർ

* 727. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിലെല്ലാംകൂടി ജോലി ചെയ്യുന്ന താഴ്ന്നതരം ജീവനക്കാരെത്രയുണ്ടെന്നു പറയാമോ ;

(ബി) ഇവരുടെ അവശതകളെ സംബന്ധിച്ചു് കേരള ഹോസ്പിറ്റൽ എംപ്ലായീസ്-യൂണിയൻ ഈയിടെ ഗവണ്മെന്റിലേക്കു് എന്തെങ്കിലും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം;

(ഡി) ഇതിനെ സംബന്ധിച്ചു് ഗവണ്മെന്റു് എടുക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) ഏകദേശം 4550 പേർ.

(ബി) ഉണ്ടു്.

(സി) മുഖ്യ ആവശ്യങ്ങൾ താഴെ പറയുന്നവയാണു്.

1. കണ്ടിൻജൻസിയിൽനിന്നു് സ്ഥിരം സർവ്വീസിലേക്കു് എടുത്തവർക്കുകൂടി വാഷിംഗ് അലവൻസു് നൽകുക.

2. സ്വീപ്പർ എന്ന പേരിലറിയപ്പെടുന്നവരുടെ പേരുമാറി ക്ലീനർ എന്ന പേർ നൽകുക.

3. മൂന്നാംഗ്രേഡു് ഹോസ്പിറ്റൽ അറ്റൻഡർഷിപ്പിനും കുക്കുകിനും ഉയർന്ന ഗ്രേഡിലേക്കു് പ്രമോഷൻ അനുവദിക്കുക.

4. ക്ലീനേഴ്സിനു് പ്രമോഷൻ സൗകര്യങ്ങൾ അനുവദിക്കുക.

5. വെള്ള യൂണിഫാറം നൽകുക.

6. വർദ്ധിച്ച വിലക്കയറ്റം കാരണം താൽക്കാലികാശ്വാസമെന്ന നിലയിൽ പ്രതിമാസം 15 രൂപാവീതം നൽകുക, എന്നിവയാണു്.

(ഡി) സ്വീപ്പർ ഗ്രൂപ്പിൽപ്പെട്ട എല്ലാവരും ഇനിമേൽ ഹോസ്പിറ്റൽ അറ്റൻഡർസ്, ഗ്രേഡു് 4 എന്ന പേരിലാണു് അറിയപ്പെടുക. എല്ലാ സ്റ്റേജും ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കും ക്ഷാമബത്ത 8 രൂപാ കൂടുതൽ കൊടുക്കുന്നതാണെന്നു് ബഡ്ജറ്റു പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. മറ്റു കാര്യങ്ങളും പരിഗണനയിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly